**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 298** **23-01-2025 - ൽ മറുപടിയ്ക്ക്**

**കോന്നി എൻ.എഫ്.എസ്.എ. ഗോഡൗൺ നിർമ്മാണ പ്രവൃത്തിയുടെ നടപടികളുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കോന്നി നിയോജക മണ്ഡലത്തിൽ കോന്നി എൻ.എഫ്.എസ്.എ. ഗോഡൗണിന്റെ നിർമ്മാണ പ്രവൃത്തിയുടെ നടപടികളുടെ പുരോഗതി വിശദമാക്കാമോ? | (എ) | കോന്നി താലൂക്കിൽ പൊതുവിതരണ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ കോന്നി, കോഴഞ്ചേരി താലൂക്കുകൾക്കായി Agriculture Infrastructure Fund (AIF) ഉപയോഗിച്ച് ഗോഡൗണുകൾ നിർമ്മിക്കുന്നതിന് 24.03.2023 ലെ സ.ഉ (സാധാ)നം.128/2023/ഭ.പൊ.വി.വ പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ളതാണ്. എന്നാൽ കോന്നി ഗോഡൗൺ നിർമ്മിക്കുന്നതിനായി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ 2.2 കോടി രൂപ അനുബന്ധ പ്രവർത്തനങ്ങൾക്ക് ആവശ്യമാണെന്നതും എസ്റ്റിമേറ്റിന് പൊതു മരാമത്ത് ചീഫ് എഞ്ചിനീയറുടെ അന്തിമ അനുമതി ലഭ്യമായിട്ടില്ല എന്നതും കണക്കിലെടുത്ത് കഴിഞ്ഞ സാമ്പത്തിക വർഷം തുക അനുവദിക്കുകയുണ്ടായില്ല.<br>കോന്നി താലൂക്കിൽ ഗോഡൗൺ നിർമ്മിക്കുന്നതിനായി കണ്ടെത്തിയ ഭൂമിയിൽ പ്രാരംഭ ജോലികൾക്കായി വളരെ ഭീമമായ തുക ചെലവാകുന്ന സാഹചര്യമാണ് ഉള്ളത്. ആയതിനാൽ, പൊതു വിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ പുതുക്കിയ ശുപാർശ/ എസ്റ്റിമേറ്റ് ലഭ്യമാക്കുന്ന മുറക്ക് ഗോഡൗണിന്റെ നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ